ഫിൻഎ(1)50966/16

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ, ജഗതി,
തിരുവനന്തപുരം- 695 014
Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tele.No.0471-233 0726/ 233 1891
Fax:0471-233 4620

തീയതി : 17.04.2017

## സർക്കുലർ നമ്പർ 25/2017

വിഷയം: -സഹകരണ വകുപ്പ്- റവന്യൂ റിക്കവറി - നടപടികൾ - ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന :- ലാന്റ് റവന്യൂ കമ്മീഷണറുടെ 10.02.2017 തീയതിയിലെ ഐആർ.(ബി2)-7290/16 നമ്പർ സർക്കുലർ.

1968 ലെ കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരം കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. റവന്യൂ റിക്കവറി നടപടികളിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും, ഇക്കാര്യത്തിൽ ഒരു ഏകീകൃത സംവിധാനം കൊണ്ടു വരുന്നതിനുമായി റവന്യൂ വകുപ്പ്, NIC മുഖാന്തിരം പുതിയ ആർ.ആർ ഓൺലൈൻ സംവിധാനം തയ്യാറാക്കുകയും എല്ലാ റിക്വിസിഷൻ അതോറിറ്റികളേയും ഉൾപ്പെടുത്തി ടി സോഫ്റ്റ് വെയർ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 01.04.2017 മുതൽ സംസ്ഥാനത്തൊട്ടാകെ റവന്യൂ റിക്കവറി നടപടികൾ പ്രസ്തുത സോഫ്റ്റ് വെയർ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന് റവന്യൂ വകുപ്പ് അറിയിക്കുകയും പരാമർശത്തിലെ സർക്കുലർ പ്രകാരം ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ആർ.ആർ ഓൺലൈൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിലെ സ്റ്റേറ്റ്‌ലെവൽ നോഡൽ ആഫീസറായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഫിനാൻസ് (എ) സെക്ഷൻ അസിസ്റ്റന്റ് രജിസ്ട്രാറെ നിയമിക്കുകയും, ജില്ലാതല ആഫീസുകൾ, കുടിശ്ശികയുടെ സ്വഭാവം, ശീർഷകം എന്നീ വിവരങ്ങൾ അടങ്ങിയ മാസ്റ്റർ ഡാറ്റ NIC യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ ജോയിന്റ് രജിസ്റ്റാർ (ജനറൽ) മാരേയും ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാരേയും ജില്ലാതല റിക്വിസിഷൻ നടപടികളുടെ അപ്രൂവിംഗ് അതോറിറ്റിമാരായും (RA-AA) , അതാത് ആഫീസിലെ ഒരു സെക്ഷനെ ക്ലാർക്കായും (RA-Clerk) ചുമതലപ്പെടുത്തുകയും പ്രസ്തുത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തു

കയും എല്ലാ അപ്രൂവിംഗ് അതോറിറ്റികളും, സംസ്ഥാന ഐ.റ്റി മിഷൻ നിഷ്ക്കർഷിച്ചിട്ടുള്ള ക്ലാസ്-2 വിഭാഗത്തിലുള്ള ഡിജിറ്റൽ സിഗ്നേച്ചർ എടുക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ ആർ.ആർ ഓൺലൈൻ നടപ്പിലാക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊള്ളുന്നു.

1) ആർ.ആർ.ഓൺലൈൻ സോഫ്റ്റ് വെയറിന്റെ നിർവ്വഹണത്തിനായി മേൽനോട്ടവും ഏകോപനവും സ്റ്റേറ്റ്ലെവൽ നോഡൽ ആഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. RA -അപ്രൂവിംഗ് അതോറിറ്റികളുടേയും RA-Clerk മാരുടെയും User Id, Password എന്നിവ സ്റ്റേറ്റ് ലെവൽ നോഡൽ ആഫീസർ അനുവദിച്ച് നൽകേണ്ടതാണ്.
2) അപ്രൂവിംഗ് അതോറിറ്റി / ക്ലാർക്ക് ചുമതലയുള്ള ഉദ്യോഗസ്ഥർ സ്ഥലം മാറ്റപ്പെടുകയോ/ റിട്ടയർ ചെയ്യുകയോ / ചാർജ്ജ് കൈമാറുകയോ ചെയ്യുമ്പോൾ അന്നേ ദിവസം തന്നെ പ്രസ്തുത വിവരവും അതോടൊപ്പം പുതുതായി നിയമിക്കപ്പെടുന്ന / ചാർജ്ജ് നൽകപ്പെടുന്ന ഉദ്യോഗസ്ഥർക്ക് User Id, Password അനുവദിക്കുന്നതിനാവശ്യമായ വിവരങ്ങളും സ്റ്റേറ്റ് ലെവൽ നോഡൽ ആഫീസറെ ഇ മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്.
3) റിക്വിസിഷൻ ഓൺലൈനായി ഫയൽ ചെയ്യുന്നതിന് ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയറിൽ പരിശീലനം ലഭ്യമാക്കുന്നതിന് ഓരോ ജില്ലകളിലും വിവര സാങ്കേതികാ വിദ്യാ പരിജ്ഞാനമുള്ള ഒരു സഹകരണ സംഘം ഇൻസ്പെക്ടറെ മാസ്റ്റർ ട്രെയിനറായി നിയമിക്കുന്നതിനുള്ള നടപടികൾ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത മാസ്റ്റർ ട്രെയിനർമാർ അതാത് ജില്ലാ കളക്ടറേറ്റിലെ മാസ്റ്റർ ട്രെയിനർമാരിൽ നിന്നും പരിശീലനം നേടേണ്ടതും തുടർന്ന് അതാത് ജില്ലകളിൽ RA- അപ്രൂവിംഗ് അതോറിറ്റിമാരായും RA-Clerk മാരായും ചുമതലപ്പെടുത്തിയിട്ടുള്ളവർക്ക് (ജനറൽ & ആഡിറ്റ്) പരിശീലനം നൽകേണ്ടതുമാണ്. മേൽ പ്രകാരമുള്ള നടപടികൾ സർക്കുലർ തീയതിമുതൽ 7 ദിവസത്തിനകം പൂർത്തിയാക്കാൻ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) / ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർ നടപടി സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്. മാസ്റ്റർ ട്രെയിനർമാരായി ഓരോ ജില്ലകളിലും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പെൻ നമ്പർ, ഇ-മെയിൽ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സ്റ്റേറ്റ് ലെവൽ നോഡൽ ആഫീസറെ അറിയിക്കേണ്ടതാണ്.
4) 01.04.2017 മുതൽ റവന്യൂ റിക്വിസിഷൻ ഓൺലൈൻ മുഖാന്തിരമാണ് ഫയൽ ചെയ്യേണ്ടത്.
5) നിലവിൽ ഏതെങ്കിലും ഇനങ്ങളിൽ റിക്വിസിഷൻ ഫയൽ ചെയ്യാൽ ബാക്കി നിൽപ്പുണ്ടെങ്കിൽ ആയത് ഉടൻ തന്നെ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ വഴി ഫയൽ ചെയ്യേണ്ടതാണ്.
6) 31.03.2017 വരെ ജില്ലയിൽ നിന്നും ഫയൽ ചെയ്തിട്ടുള്ള റിക്വിസിഷനുകളുടെ ഓരോ ഇനം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ്, റവന്യൂ വകുപ്പ് സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്ന വിവരങ്ങളുമായി ഒത്തു നോക്കി പരിശോധിച്ച് റിക്കൺസി

ലിയേഷൻ ചെയ്യേണ്ടതും ഫൈനൽ സ്റ്റേറ്റുമെന്റ് അടിയന്തിരമായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത നതപടികൾ ത്വരിതപ്പെടുത്തുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ അതാത് ജില്ലാ കളക്ട്രേറ്റുമായി ബന്ധപ്പെടേണ്ടതാണ്.

7) റവന്യൂ റിക്വിസിഷൻ ഫയൽ ചെയ്യുന്നതിന് ഏതെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ / സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് ലാന്റ് റവന്യൂ കമ്മീഷണറാഫീസ് / NIC /യെ അറിയിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

NIC തിരുവനന്തപുരത്തിന്റെ ഇ-മെയിൽ വിലാസം

-jaitha@kerala.nic.in / jaitha.r@nic.in / arun.raj@nic.in

Mobile Number – 938 782 5136 / 860 658 2899 / 0471-272 5495

ലാന്റ് റവന്യൂ കമ്മീഷണർ ആഫീസിലെ ഹെൽപ് ഡെസ്ക്

അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ)-8547610002

സീനിയർ സൂപ്രണ്ട് - 0471 - 232 1229

സെക്ഷൻ ക്ലാർക്ക് - 960 508 4244

Email- lrbalrtvm@gmail.com

സ്റ്റേറ്റ്ലെവൽ നോഡൽ ആഫീസറുടെ ഇ-മെയിൽ വിലാസം - financercs2425@gmail.com

മൊബൈൽ നമ്പർ - 940 053 2733

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്/-

എസ്. ലളിതാംബിക, ഐ.എ.എസ്.

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. സെക്രട്ടറി, കേരള നിയമ സഭ (ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി (ഉപരിപത്രം സഹിതം)
3. സഹകരണ ആഡിറ്റ് ഡയറക്ടർ
4. ആർ.ആർ.ഓൺലൈൻ സെക്ഷൻ, ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ആഫീസ് ബിൽഡിംഗ്, തിരുവനന്തപുരം.

5. NIC, പബ്ലിക് ആഫീസ് ബിൽഡിംഗ്, തിരുവനന്തപുരം
6. എല്ലാ ജോയിന്റ് രജ്സ്ട്രാർമാർ (ജനറൽ) മാർക്കും
7. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റർ)മാർക്കും
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
10. വെബ്സൈറ്റ് (www.cooperation.kerala.gov.in)
11. സഹകരണ വീഥി/സഹകരണ ജേർണൽ
12. സ്റ്റോക്ക് / സ്പെയർ

ആജ്ഞാനുസരണം

Kanchan

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിനാൻസ്)

കെ.കെ